**ഇലക്ഷൻ അടിയന്തിരം**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം- 695033

**സർക്കുലർ**

നമ്പർ : 33870/ബി1/2020/സം.തി.ക.

തീയതി : 29.11.2020

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2020 - പോളിംഗ് സ്റ്റേഷനുകളുടെ സജ്ജീകരണം- മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- കമ്മീഷന്റെ 16/8/2020 ലെ ബി1-33894-2020 സം.തി.ക നമ്പർ ഉത്തരവ്.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020 ഡിസംബർ 8, 10, 14 തീയതികളിൽ പൊതുതിരഞ്ഞെടുപ്പ് നടത്തുന്ന ആവശ്യത്തിലേയ്ക്ക് പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. സൂചനയിലെ ഉത്തരവ് പ്രകാരമുള്ള കോവിഡ് 19 പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്ന വിധം ചുവടെപ്പറയുന്ന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

1. ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലെ പോളിംഗ് സ്റ്റേഷനുകളായി നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നേരിട്ട് പരിശോധിച്ച് വൈദ്യുതി, കുടിവെള്ളം, ഫർണിച്ചർ, ടോയ് ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന് ഉറപ്പാക്കണം.
2. പോളിംഗ് സ്റ്റേഷനുകളായി നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളും അവയുടെ പരിസരവും വൃത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.
3. വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമല്ലായെങ്കിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയുടെ പ്രാദേശിക ഓഫീസുകളുമായി ബന്ധപ്പെട്ട് അവ ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. അത്തരത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ പോർട്ടബിൾ ടൈപ്പ് സംവിധാനം

ഏർപ്പെടുത്തേണ്ടതാണ്. അത്തരത്തിൽ പോളിംഗ് സ്റ്റേഷനിൽ തലേദിവസവും പോളിംഗ് ദിവസവും ആവശ്യത്തിനുള്ള വെളിച്ചം ലഭ്യമാണെന്ന് ഉറപ്പാക്കണം.

4. പോളിംഗ് സ്റ്റേഷനുകളിൽ കുടിവെള്ളം ലഭ്യമല്ലായെങ്കിൽ അവ ലഭ്യമാക്കുന്നതിന് സൗകര്യം ഏർപ്പെടുത്തണം.
5. ഏതെങ്കിലും സ്റ്റേഷനിൽ ടോയ് ലെറ്റ് സൗകര്യം ലഭ്യമല്ലായെങ്കിൽ അവ ലഭ്യമാക്കുന്നതിന് ഉചിത നടപടി സ്വീകരിക്കണം. അവ ലഭ്യമാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടങ്കിൽ അവ പരിസരത്തെ സ്ഥാപനങ്ങളിലോ വീട്ടുകളിലോ ലഭ്യമാക്കാൻ കഴിയുമോയെന്നും പരിശോധിക്കണം. കൂടാതെ പോളിംഗ് ഉദ്യോഗസ്ഥർക്കുള്ള ഭക്ഷണം കുടുംബശ്രീയുമായി ചേർന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.
6. പോളിംഗ് സ്റ്റേഷന് മുമ്പിൽ വോട്ടർമാർക്ക് സാമൂഹ്യഅകലം പാലിച്ച് ക്യൂ നിൽക്കുന്നതിന് പ്രത്യേകം അടയാളം മാർക്ക് ചെയ്യേണ്ടതാണ് അത്തരത്തിൽ വോട്ടർമാർ ക്യൂ നിൽക്കുന്ന സ്ഥലത്ത് ആവശ്യമെങ്കിൽ തണൽ ലഭ്യമാക്കുന്നതിന് ടാർപാളിൻ കെട്ടുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.
7. പോളിംഗ് സ്റ്റേഷനുകളായി ഉപയോഗിക്കുന്ന കെട്ടിടത്തിൽ പ്രവേശിക്കുന്നതിന് റാമ്പ് സൗകര്യം ലഭ്യമല്ലായെങ്കിൽ അവ താല്ക്കാലികമായി സജ്ജമാക്കണം.
8. പോളിംഗ് സ്റ്റേഷന് പുറത്ത് ബ്രേക്ക് ദി ചെയിന്റെ ഭാഗമായി ബക്കറ്റ്, മഗ്, സോപ്പ്, വെള്ളം എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.
9. വോട്ടെടുപ്പിന് ശേഷം പോളിംഗ് സ്റ്റേഷനുകളിൽഅവശേഷിക്കുന്ന പേപ്പറുകളും മറ്റ് വസ്തുക്കളും നീക്കം ചെയ്യുന്നതിനും അവ നശിപ്പിക്കുന്നതിനുമുള്ള നടപടി അതാത് തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.
10. പോളിംഗ് സ്റ്റേഷനുകളിൽ വോട്ടെടുപ്പ് ദിവസം പഴയതും ഉപയോഗശൂന്യമായതുമായ ജൈവ അജൈവ വസ്തുക്കൾ വെവ്വേറെ നിക്ഷേപിക്കുന്നതിന് ഓരോ ക്യാരി ബാഗുകൾ വീതം ലഭ്യമാക്കുന്നതിന് സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.
11. കൂടാതെ പോളിംഗ് സ്റ്റേഷനുകളിൽ ഉപയോഗിച്ച ബയോ മെഡിക്കൽ വേസ്റ്റുകളിൽ മാസ്ക്, ഗ്ലൗസ്, എന്നിവ പ്രത്യേകം പ്രത്യേകം ശേഖരിച്ച് സംസ്കരിക്കുന്നതിനായി യഥാക്രമം മഞ്ഞ, ചുവപ്പ് എന്നീ നിറങ്ങളിലെ 2 ക്യാരി ബാഗുകൾ കൂടി സെക്രട്ടറിമാർ ലഭ്യമാക്കേണ്ടതും ശാസ്ത്രീയ രീതിയിൽ സംസ്കരിക്കുന്നതിന് പി.എച്ച്.സി, സി.എച്ച്.സി, സി.എഫ്.എൽ.റ്റി.സി. കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

12. പോളിംഗ് സ്റ്റേഷനുകളായി ഉപയോഗിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതു സ്വകാര്യ കെട്ടിടങ്ങളിലെ ചുമരുകളിലും പരിസരത്തും ബോധവൽക്കരണത്തിനായി കമ്മീഷന്റെ നിർദ്ദേശാനുസരണം പതിക്കുന്ന പോസ്റ്ററുകളും ബോർഡുകളും മറ്റും വോട്ടെടുപ്പിന് ശേഷം നീക്കം ചെയ്ത് വൃത്തിയാക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും/,
ജില്ലാ കളക്ടർമാർക്കും,
എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടിമാർക്കും,

പകർപ്പ്:

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും,
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും,
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
ഓഫീസർമാർക്കും സെക്ഷനുകൾക്കും
പി.ആർ.ഒ. സംതി.ക
കമ്പ്യൂട്ടർ പ്രോഗ്രാമർ
സ്റ്റാന്റിംഗ് കൗൺസിൽ,
കമ്മീഷണറുടെ സി.എയ്ക്ക്
സെക്രട്ടറിയുടെ സി.എയ്ക്ക്
ഫയൽ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033,
ഫോൺ : 0471-2325048,2337884,Fax:0471-2338288,e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in